# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

03.04.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 6411

## ക്ഷീരകർഷകർക്ക് മിൽമ നൽകുന്ന വില

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ക്ഷീരകർഷകരിൽനിന്നും മിൽമയ്ക്ക് ലഭ്യമാക്കുന്ന പാലിന് നൽകുന്ന വില അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ക്ഷീരകർഷകരിൽ നിന്നും മിൽമയ്ക്ക് ലഭ്യമാക്കുന്ന പാലിന് നൽകുന്ന വില അപര്യാപ്തമാണെന്ന പരാതി കർഷകരുടെ ഇടയിൽ ഉണ്ടെങ്കിലും, ഇന്ത്യയിൽ കേരളത്തിലാണ് ഏറ്റവും നല്ല വില പാലിന് ലഭിക്കുന്നത്. |
| (ബി) | മിൽമയ്ക്ക് നൽകുന്ന പാലിന് ക്ഷീരകർഷകർക്ക് മിനിമം വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിക്കും. ഇപ്പോൾതന്നെ കർഷകർക്ക് അവർ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് നല്ല വില ലഭിക്കുന്നുണ്ട്. പാലിന്റെ കൊഴുപ്പും, കൊഴുപ്പിതര ഘടകങ്ങളും നിശ്ചയിച്ച് പാൽവില ചാർട്ട് അടിസ്ഥാനപ്പെടുത്തിയാണ് ക്ഷീര സംഘങ്ങൾ വില നൽകുന്നത്. 11/02/2017 ൽ പാൽ വില ലിറ്ററൊന്നിന് 4/- രൂപ വർദ്ധനവ് വരുത്തിയപ്പോൾ 3.35 രൂപയും കർഷകർക്ക് ലഭിക്കും വിധമാണ് പാൽവില ചാർട്ട് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | മിൽമ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (സി) മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത്. സംഘങ്ങളിൽ പാൽ സ്വീകരിക്കുന്ന സമയത്ത് കൃത്യമായി ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ മിൽമ പ്ലാന്റുകളിൽ എല്ലാത്തിലും ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ ലാബുകളിലെല്ലാം പരിശോധനയ്ക്ക് ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും കൃത്യമായി കാലിബ്രേറ്റ് ചെയ്യപ്പെട്ടവയും, നിർദ്ദിഷ്ട നിയമം അനുശാസിക്കുന്ന പരിശോധനാ രീതികൾ അവലംബിക്കുകയും ചെയ്യുന്നവയാണ്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ |

പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവി മെറ്റൽസ് ആന്റി ബയോട്ടിക്, പെസ്റ്റിസൈഡ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുന്നുണ്ട്.

(ഡി) കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ;വിശദമാക്കാമോ?

(ഡി) കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 വർഷത്തിൽ വിവിധ പദ്ധതികളിലായി 97.75 കോടി രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ 107.53 കോടി രൂപ ഈ മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്. വരും വർഷം ബഡ്ജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് തീറ്റപ്പുൽകൃഷി പദ്ധതി, ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നിവ നൽകുന്നതാണ്.

സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റനൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതികളുടെ കീഴിൽ 2017-18 -ൽ പുതിയതായി 35070 കന്നുകുട്ടികളെ കൊണ്ടുവന്നു. ഇവ കൂടാതെ സ്പെഷ്യൽ ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിയതിലൂടെ 2017-2018 ൽ ആകെ 118608 കന്നുകുട്ടികൾക്ക് സഹായം ലഭ്യമാക്കി.

**സെക്ഷൻ ഓഫീസർ**